LIBRARY ARCHIVES Kerala Legislative Assembly

പ്രിൻസിപ്പൽ എസ്.ഐ.മാർക്കെതിരെ ലഭിച്ച പരാതികൾ

പ്ലാൻ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച അംഗൻവാടികളെ സംബന്ധിച്ച വിവരം

6134 ശ്രീ. കെ. ദാസൻ : താഴെക്കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 2011-12, 2012-13, 2013-14 വർഷങ്ങളിൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് എവിടെയെല്ലാം അംഗൻവാടികൾ നിർമ്മിച്ചിട്ടുണ്ട്; നിയോജക മണ്ഡലം അടിസ്ഥാനത്തിൽ വിശദമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 2011-12, 2012-13,2013-14 വർഷങ്ങളിൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച അംഗൻവാടികളുടെ വിശദ വിവരം നിയോജക മണ്ഡലം അടിസ്ഥാനത്തിൽ അനുബന്ധമായി ചേർക്കുന്നു.*

ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ അംഗൻവാടികൾ

6136 ശ്രീ. എം. ഹംസ : താഴെക്കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിൽ അംഗൻവാടി നിർമ്മാണത്തിന് ഫണ്ട് അനുവദിച്ചുവെന്ന് അറിയിക്കുമോ;

(ബി) ഓരോ അംഗൻവാടിക്കും അനുവദിക്കപ്പെട്ട ഫണ്ടിന്റെയും, ഏത് സ്കീം പ്രകാരമാണ് ഫണ്ട് അനുവദിച്ചതെന്നും വ്യക്തമാക്കാമോ;

(സി) അംഗൻവാടികളുടെ നവീകരണത്തിനായി എന്തെല്ലാം പ്രോജക്ടുകൾ ആണ് നിലവിലുള്ളത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ ചുവടെ പറയുന്ന ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റിയിലും അംഗൻവാടി നിർമ്മാണത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്:

---

* അനുബന്ധമായി ചേർത്തിരിക്കുന്നു

1. ഒറ്റപ്പാലം മുനിസിപ്പാലിറ്റി
2. ലക്കിടി പേരൂർ ഗ്രാമപഞ്ചായത്ത്.
3. അമ്പലപ്പാറ ഗ്രാമപഞ്ചായത്ത്.
4. പൂക്കോട്ട്കാവ് ഗ്രാമപഞ്ചായത്ത്.
5. ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത്.
6. കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത്.
7. കരിമ്പുഴ ഗ്രാമപഞ്ചായത്ത്.

(ബി) വിവിധ വകുപ്പുകൾ മുഖേന കെട്ടിട നിർമ്മാണം നിർവ്വഹിച്ചതിനാൽ ഫണ്ട് അനുദിച്ചതിന്റെ സ്കീം വിവരങ്ങൾ ചുവടെ ചേർക്കുന്നു:

ഒറ്റപ്പാലം മുനിസിപ്പാലിറ്റി	പ്ലാൻ ഫണ്ട്, എം.പി.ഫണ്ട്, ബി.ആർ.ജി.എഫ്. ഫണ്ട്
ലക്കിടി പേരൂർ ഗ്രാമ പഞ്ചായത്ത്	പഞ്ചായത്ത് ഫണ്ട്, ബി.ആർ.ജി.എഫ്. ഫണ്ട്, ജില്ലാ പഞ്ചായത്ത് ഫണ്ട്.
അമ്പലപ്പാറ ഗ്രാമപഞ്ചായത്ത്	പഞ്ചായത്ത് ഫണ്ട്, ബി.ആർ.ജി.എഫ്. ഫണ്ട്, ആർ.ഐ.ഡി.എഫ് ഫണ്ട്.
പൂക്കോട്ട്കാവ് ഗ്രാമപഞ്ചായത്ത്	ജില്ലാ പഞ്ചായത്ത് ഫണ്ട്, എസ്.സി. ഫണ്ട്, ബി.ആർ.ജി.എഫ്. ഫണ്ട്, ഗ്രാമപഞ്ചായത്ത് ഫണ്ട്.
ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത്	ജില്ലാ പഞ്ചായത്ത് ഫണ്ട്, ബി.ആർ.ജി.എഫ് ഫണ്ട്, ഗ്രാമപഞ്ചായത്ത് ഫണ്ട്.
കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത്	ബി.ആർ.ജി.എഫ്. ഫണ്ട്, ഗ്രാമപഞ്ചായത്ത് ഫണ്ട്.
കരിമ്പുഴ ഗ്രാമപഞ്ചായത്ത്	ജില്ലാ പഞ്ചായത്ത് ഫണ്ട്, എസ്.സി. ഫണ്ട്, ബി.ആർ.ജി.എഫ്. ഫണ്ട്, എം.പി. ഫണ്ട്

ഇതിലേയ്ക്കായി ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1.	ഒറ്റപ്പാലം മുനിസിപ്പാലിറ്റി	പ്ലാൻ ഫണ്ട്, എം.പി.ഫണ്ട്, ബി.ആർ.ജി.എഫ്. ഫണ്ട്	28 ലക്ഷം 10 ലക്ഷം 44 ലക്ഷം
2.	ലക്കിടി പേരൂർ ഗ്രാമ പഞ്ചായത്ത്	പഞ്ചായത്ത് ഫണ്ട്, ബി.ആർ.ജി.എഫ്. ഫണ്ട്, ജില്ലാ പഞ്ചായത്ത് ഫണ്ട്.	4.5 ലക്ഷം 12 ലക്ഷം 4.5 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly

3.	അമ്പലപ്പാറ ഗ്രാമപഞ്ചായത്ത്	പഞ്ചായത്ത് ഫണ്ട്, ബി.ആർ.ജി.എഫ്. ഫണ്ട്, ആർ.ഐ.ഡി.എഫ്. ഫണ്ട്.	8.25 ലക്ഷം 21 ലക്ഷം 24.75 ലക്ഷം
4.	പൂക്കോട്ട്കാവ് ഗ്രാമപഞ്ചായത്ത്	ജില്ലാ പഞ്ചായത്ത് ഫണ്ട്, എസ്.സി. ഫണ്ട്, ബി.ആർ.ജി.എഫ്. ഫണ്ട്, ഗ്രാമപഞ്ചായത്ത് ഫണ്ട്.	6.5 ലക്ഷം 6 ലക്ഷം 4.5 ലക്ഷം 9.5 ലക്ഷം
5.	ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത്	ജില്ലാ പഞ്ചായത്ത് ഫണ്ട്, ബി.ആർ.ജി.എഫ്. ഫണ്ട്, ഗ്രാമപഞ്ചായത്ത് ഫണ്ട്	6.6 ലക്ഷം 4.75 ലക്ഷം 13.8 ലക്ഷം
6.	കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത്	ബി.ആർ.ജി.എഫ്. ഫണ്ട്, ഗ്രാമപഞ്ചായത്ത് ഫണ്ട്.	34.25 ലക്ഷം 35.14 ലക്ഷം
7.	കരിമ്പുഴ ഗ്രാമപഞ്ചായത്ത്	ജില്ലാ പഞ്ചായത്ത് ഫണ്ട്, എസ്.സി ഫണ്ട്, ബി.ആർ.ജി.എഫ്. ഫണ്ട്, എം.പി. ഫണ്ട്	6 ലക്ഷം 13 ലക്ഷം 13.90 ലക്ഷം 4 ലക്ഷം.

(സി) പഞ്ചായത്ത് പ്രോജക്ടുകളിലൂടെയാണ് പഞ്ചായത്ത് നവീകരണത്തിനുള്ള ഫണ്ട് കണ്ടെത്തുന്നത്. കൂടാതെ 2014-15 സാമ്പത്തിക വർഷത്തിൽ ആനുവൽ പ്രോഗ്രാം ഇംപ്ലിമെന്റേഷൻ പ്ലാൻ പദ്ധതി പ്രകാരം ഒരു അംഗൻവാടിയ്ക്ക് 1 ലക്ഷം രൂപ വീതം 1370 അംഗൻവാടികൾ നവീകരിക്കുതിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

ജെൻഡർ പാർക്ക് പദ്ധതിയുടെ നടത്തിപ്പ്

7543 ശ്രീ. സി. പി. മുഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന ജെൻഡർ പാർക്ക് പദ്ധതിയുടെ നടത്തിപ്പിനായി ഏത് ഓഫീസറെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;

(ബി) കഴിഞ്ഞ സർക്കാർ നിയമിച്ച ഓഫീസറാണോ ഇപ്പോഴും തുടരുന്നത്; ഈ നിയമനം കോൺട്രാക്ട് വ്യവസ്ഥയിലുള്ളതാണോ;

(സി) ഈ ഓഫീസർ ഒരുമാസം വാങ്ങുന്ന ശമ്പളത്തിന്റെ വിവരം നൽകുമോ;

(ഡി) പ്രസ്തുത പദ്ധതിയ്ക്ക് എത്ര രൂപ അനുവദിച്ചിട്ടുണ്ട്;

(ഇ) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളും തുക വിനിയോഗിച്ചതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly